ത്രിതലപഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകൾ

147 (1617) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ അധീനതയിൽ എത്ര കിലോമീറ്റർ റോഡുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡുകളുടെ ഉടമസ്ഥത സംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങളും പൊതുമരാമത്ത് വകുപ്പും തമ്മിലുണ്ടായിരുന്ന തർക്കം പരിഹരിച്ചുവോ ; എങ്കിൽ എന്നാണ് പരിഹരിച്ചത് ;

(സി) മറ്റു ജില്ലാ റോഡുകളുടെയും ഗ്രാമീണ റോഡുകളുടെയും ഉടമസ്ഥാവകാശം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവോ ; എന്നാണ് ഉത്തരവിറക്കിയത് ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ത്രിതല പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ നിലവിലുള്ള അവസ്ഥയെന്താണ് ; എത്ര ശതമാനം റോഡുകൾ ഗതാഗത യോഗ്യമാണ് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 4-2-2011-ൽ സ.ഉ.(എംഎസ്.)31/2011/തസ്വഭവ നമ്പർ ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) വിവരം ശേഖരിച്ചുവരുന്നു.

വർക്ക്ഷോപ്പ് കെട്ടിടത്തിന് അനുമതി നൽകാൻ നടപടി

148 (1618) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലാ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 12-ാം മൈലിൽ എല്ലാവിധ നിയമങ്ങളും, ഉത്തരവുകളും പാലിച്ച് പ്രവാസികൾ നിർമ്മിച്ച വർക്ക്ഷോപ്പ് കെട്ടിടത്തിൽ 2-11-2009-ൽ പോപ്പുലർ വർക്ക് ഷോപ്പ് തുടങ്ങിയപ്പോൾ ടി സ്ഥലം നെൽവയൽ ആണെന്ന് പറഞ്ഞ് ലൈസൻസ് കൊടുക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; പ്രസ്തുത കെട്ടിട ഉടമകൾ ആരൊക്കെയാണ് ;

(ബി) ടി വർക്ക്ഷോപ്പ് കെട്ടിടം, സർവ്വീസ് സ്റ്റേഷൻ, പെയിന്റ് ബൂത്ത് എന്നിവ പണിയാൻ പാലാ മുനിസിപ്പാലിറ്റി 24-3-2009-ൽ B.A.188/08/09 പ്രകാരം പെർമിറ്റ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly